കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടി

14 [*169] ശ്രീ. വർക്കല കഹാർ :
,, സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങൾ ഇതിന് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് പറയുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) 16 സ്ഥലങ്ങൾ കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(സി) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട് കെ. എസ്. ഇ. ബി.-യുടെ 2 മെഗാവാട്ട് കാറ്റാടിപ്പാടം പ്രവർത്തിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ രാമക്കൽ മേട്ടിൽ അനെർട്ടും കെ. എസ്. ഇ. ബി.-യും സംയുക്തമായി 3.75-5 MW-ന്റെ ഒരു Wind Farm സ്ഥാപിക്കുന്നതിനുവേണ്ടി 18-1-2006-ൽ ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയുണ്ടായി. സ്വകാര്യ സംരംഭകരെ ഈ മേഖലയിൽ കൊണ്ടുവരുന്നതിനായി 6-11-2004-ൽ ജി. ഒ. (എം. എസ്.) നം. 23/2004/പി. ഡി. പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് രണ്ട് കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ട്.

സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുന്നതിനുള്ള നടപടികൾ

15 [*170] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
,, രാജു എബ്രഹാം :
,, ടി. കെ ദേവകുമാർ :
,, ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കോഴിക്കോട് സർവ്വകലാശാലകളിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായിട്ടുണ്ട്;

(ബി) ഈ സർവ്വകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകളെ പിരിച്ചു വിട്ടിട്ട് എത്ര കാലമായി;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—II

17-2-2006-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 14 [169]-ന്റെ ഉത്തരം കാണുക

കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സഹായത്തോടെ അനെർട്ട് നടത്തിയ പഠനം അനുസരിച്ച് സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യതയുള്ളതായി കണ്ടെത്തിയ സ്ഥലങ്ങൾ

ക്രമ നമ്പർ	*ജില്ല*	*സ്ഥലം*
1	ഇടുക്കി	രാമക്കൽമേട്
		ചക്കുളത്തുമേട്
		പറമ്പുകെട്ടിമേട്
		കൈലാസമേട്
		പാഞ്ചാലിമേട്
		കുളത്തുമേട്
		സേനാപതി
		പുല്ലിക്കാനം
		കുറ്റിക്കാനം
		കോലാഹലമേട്
2	പാലക്കാട്	നല്ലസിംഹം
		കഞ്ചിക്കോട്
		കോട്ടത്തറ
		കോട്ടമല
		തോളന്നൂർ
3	തിരുവനന്തപുരം	പൊൻമുടി

LIBRARY ARCHIVES Kerala Legislative Assembly